LIBRARY ARCHIVES Kerala Legislative Assembly

പുതുശ്ശേരി പഞ്ചായത്തിലെ പെപ്സി-കോള കമ്പനി

104 [464] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിലെ പെപ്സി-കോള കമ്പനി ദിവസംതോറും എത്ര ലിറ്റർ വെള്ളമാണ് ഉപയോഗിക്കുന്നത്;

(ബി) ഇപ്രകാരം കമ്പനി പ്രവർത്തിക്കുന്നതിന്റെ ഫലമായി പരിസര പ്രദേശത്തെ ജലത്തിന്റെ അളവിൽ എന്തെങ്കിലും കുറവ് സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ കണക്കനുസരിച്ച് ഏകദേശം 2.26 ലക്ഷം ലിറ്റർ ജലം പ്രതിദിനം ഉപയോഗിക്കുന്നു. എന്നാൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ കണക്കനുസരിച്ച് പ്രതിദിനം 10 ലക്ഷം ലിറ്റർ ജലമാണ് ഉപയോഗിക്കുന്നത്.

(ബി) ഇല്ല.

(സി) ബാധകമല്ല.

മന്നം ഷുഗർമിൽ

105 [469] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം മണ്ഡലത്തിലെ മന്നം ഷുഗർമില്ലിന്റെ പശ്ചാത്തല സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി എന്തെങ്കിലും തൊഴിൽ സംരംഭം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) പന്തളം മന്നം ഷുഗർമില്ലിന്റെ ഭരണസമിതി മന്നം ഷുഗർമില്ലിന്റെ പശ്ചാത്തല സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി IMFL ബോട്ടിലിംഗ് യൂണിറ്റും ആയുർവേദ മെഡിക്കൽ മാനുഫാക്ചറിംഗ് യൂണിറ്റും തുടങ്ങുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. IMFL ബോട്ടിലിംഗ് യൂണിറ്റ് തുടങ്ങുന്നതിനെപ്പറ്റി ഒരു പഠനം നടത്തി രണ്ടു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ IIM കോഴിക്കോടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.